# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 3083 — 07.11.2019-ൽ മറുപടിക്ക്

## എയ്ഡഡ് എൽ.പി. സ്കൂൾ സർക്കാർ ഏറ്റെടുക്കണമെന്ന ആവശ്യം

| ചോദ്യം<br>ശ്രീ. സി.കെ. ശശീന്ദ്രൻ | ഉത്തരം<br>പ്രൊഫ. സി. രവീന്ദ്രനാഥ്<br>(പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|
| (എ) കൽപ്പറ്റ മണ്ഡലത്തിലെ ഏതെങ്കിലും എയ്ഡഡ് എൽ.പി. സ്കൂൾ സർക്കാർ ഏറ്റെടുക്കണമെന്ന ആവശ്യം സർക്കാരിന്റെ മുന്നിൽ വന്നിട്ടുണ്ടോ; അറിയിക്കാമോ;<br>(ബി) അത്തരത്തിൽ ഉന്നയിക്കപ്പെട്ട ആവശ്യത്തിന്മേൽ ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) യും (ബി) യും ഉണ്ട്. അസ്ഹർ എൽ.പി.സ്കൂളിന്റെ മാനേജർ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നില്ലായെന്നതിനാൽ സർക്കാർ സ്കൂൾ ഏറ്റെടുക്കണമെന്ന് ആവശ്യപ്പെട്ട് കൽപ്പറ്റ നഗരസഭ കൗൺസിൽ തീരുമാനം കൈക്കൊണ്ട് സർക്കാരിനെ അറിയിച്ചിരുന്നു. അക്കാര്യത്തിൽ കേരള വിദ്യാഭ്യാസ നിയമത്തിലും കേരള വിദ്യാഭ്യാസ ചട്ടത്തിലും പ്രതിപാദിക്കുന്ന വിധത്തിൽ നടപടികൾ സ്വീകരിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ ഡയറക്ടർ ഓഫ് ജനറൽ എഡ്യൂക്കേഷന് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) അപ്രകാരം സ്കൂളുകൾ സർക്കാർ ഏറ്റെടുക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കണം; വിശദമാക്കാമോ? | (സി) സ്കൂൾ ഏറ്റെടുക്കുന്നത് കേരള വിദ്യാഭ്യാസ നിയമത്തിലെ വകുപ്പ് 14, 15, വിദ്യാഭ്യാസ ചട്ടങ്ങളിലെ അദ്ധ്യായം XX എന്നിവയിൽ പ്രതിപാദിച്ചിട്ടുള്ള നടപടി ക്രമങ്ങൾ പ്രകാരമാണ്. |

സെക്ഷൻ ഓഫീസർ